"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ കുണ്ടൻചാൽ കോളനിയിൽ മണ്ണിടിച്ചൽ സാധ്യതയുള്ള പ്രദേശത്ത് താമസിക്കുന്ന 7 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.700/2024/DMD തീയതി,തിരുവനന്തപുരം, 07-09-2024

---

പരാമർശം:-

1. സ.ഉ (കൈ) നം.25/2019/ദു.നി.വ തീയതി 23/08/2019.
2. സ.ഉ(കൈ) നം.7/2018/ഡി.എം.ഡി, തീയതി 21/06/2018.
3. NIT കോഴിക്കോടിന്റെ 31/10/2022 ലെ CED/CON/SC/NEGI/MK /2022315 നമ്പർ റിപ്പോർട്ട്.
4. കണ്ണൂർ ജില്ലാ കളക്ടറുടെ 08/11/2022, 06/06/2023, 07/09/2023 എന്നീ തിയ്യതികളിലെ DCKNR/8007/2018-DM1 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിലെ XIV വാർഡിലെ കുണ്ടൻചാൽ കോളനിയിൽ മഴക്കാലത്ത് മണ്ണൊലിപ്പ് കാരണം വീടുകൾക്കെല്ലാം കേടുപാടുകൾ സംഭവിച്ചു വരികയാണെന്നും ആയതിനാൽ പ്രദേശവാസികളുടെ വീടിനും, ജീവനും സംരക്ഷണം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നിരന്തരമായി അപേക്ഷകൾ ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ ഡെപ്യൂട്ടി കളക്ടർ(ഡി.എം) ന്റെയും, എസ്‌സി ഡെവലപ്പ്മെന്റ് ഓഫീസറുടെയും നേതൃത്വത്തിൽ സംയുക്തമായി സ്ഥല പരിശോധന നടത്തുകയും പ്രദേശത്തെ വിഷയം ഗൗരവമേറിയതാണെന്നു ബോധ്യപ്പെട്ടിട്ടുള്ളതായും, പ്രസ്തുത പ്രദേശത്ത് മണ്ണിടിച്ചൽ ഉണ്ടാവുന്നതിനു പരിഹാരം ഉണ്ടാക്കുന്നതിനായി എൻ ഐ ടി കോഴിക്കോട് മുഖാന്തിരം പരിശോധന നടത്തുന്നതിനായി നിർദ്ദേശം നൽകിയതിനെ തുടർന്ന് NIT കോഴിക്കോടിന്റെ ഒരു സംഘം പ്രസ്തുത പ്രദേശം സന്ദർശിച്ചു പഠനം നടത്തുകയും റിപ്പോർട്ടിൽ പ്രസ്തുത പ്രദേശത്തെ ആളുകളെ സുരക്ഷിതമായ സ്ഥലത്തേക്ക് പുനരധിവസിപ്പിക്കുന്നതാണ് ഉചിതമെന്ന് നിർദേശിച്ചിട്ടുള്ളതായും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

കുണ്ടൻചാൽ പ്രദേശത്തെ മണ്ണിടിച്ചൽ ഭീഷണി നേരിടുന്ന കുടുംബങ്ങൾ സ്വന്തമായി മറ്റു ഭൂമിയൊന്നും തന്നെ കൈവശമില്ലാത്തവരും കുടുംബത്തിന് സ്ഥിര വരുമാനമില്ലാത്തവരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണെന്നും, ടിയാളുകൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നോ

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നോ നാളിതുവരെ ധനസഹായം ലഭ്യമായിട്ടില്ലായെന്നും, ചിറക്കൽ വില്ലേജിൽ കുണ്ടൻചാൽ കോളനിയിൽ വീടുകൾ സ്ഥിതി ചെയുന്നത് ചെരിഞ്ഞ തട്ട് തട്ടുകളായപ്രദേശത്താണെങ്കിലും, ചിറക്കൽ വില്ലേജ് പൊതുവിൽ സമതലം എന്ന വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്നും റിപ്പോർട്ട് ചെയ്തിരുന്നു. കുണ്ടൻചാൽ കോളനി പ്രദേശത്തെ 34 കുടുംബങ്ങളിൽ താഴെ പറയുന്ന ഏഴ് കുടുംബങ്ങൾ ദുരന്ത നിവാരണത്തിന്റെ ഭാഗമായി പ്രസ്തുത പ്രദേശത്തുനിന്ന് പുനരധിവാസത്തിന് സമ്മതമാണെന്ന് മൊഴി അറിയിച്ചിട്ടുള്ളതാണ്.

1) ഗുരുനാഥൻ. എസ്, കുണ്ടൻചാൽ കോളനി,
2) ജാനകി.എ, അറിങ്ങളയൻ ഹൗസ്, കുണ്ടൻചാൽ കോളനി,
3) ജയശ്രീ.കെ, കല്ലേൻ ഹൗസ് കുണ്ടൻചാൽ കോളനി,
4) രഞ്ജിത്ത്.കെ.വി കുഞ്ഞിവളപ്പിൽ ഹൗസ്, കുണ്ടൻചാൽ കോളനി
5) സീത.കെ കൊയിലേരിയൻ ഹൗസ്, കുണ്ടൻചാൽ കോളനി,
6) ഗോപാലൻ.എം, മടക്കുടിയൻ ഹൗസ് കുണ്ടൻചാൽ കോളനി,
7) രാമകൃഷ്ണൻ എ, എടച്ചേരിയൻ ഹൗസ്, കുണ്ടൻചാൽ കോളനി

മേൽ പറഞ്ഞ ഏഴ് കുടുംബങ്ങൾക്ക് ദുരന്തനിവാരണ മാനദണ്ഡങ്ങൾ പ്രകാരം സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള ദുരിതാശ്വാസ ധനസഹായം അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീടുനിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം 1 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ കുണ്ടൻചാൽ കോളനി പ്രദേശത്ത് നിന്ന് പുനരധിവാസത്തിന് സമ്മതമാണെന്ന് മൊഴി നൽകിയ മേൽ പറഞ്ഞ 7 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഒരു കുടുംബത്തിന് ഭൂമി വാങ്ങുന്നതിന് 6,00,000/- രൂപയും, വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപയും ചേർത്ത് ആകെ 10 ലക്ഷം രൂപ എന്ന നിരക്കിൽ ആകെ 70 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുരാധ കെ സി
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം.
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്).
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sivaprasad V N
Date: 07-09-2024 12:38:19

സെക്ഷൻ ഓഫീസർ